# SMLPS EZHUMUTTOM

ACADEMIC MASTER PLAN

2025-26



ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. പ്രതിസന്ധികളും പരിമിതികളും
5. മികവുകൾ
6. കാഴ്ചപ്പാട്
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദശാംശങ്ങൾ
10.ഉപസംഹാരം

ആമുഖം

കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന്റെ ആത്യന്തിക ലക്ഷ്യം എന്നത് അനുദിനം മാറിക്കൊണ്ടിരിക്കുന്നലോകത്തിൽഇടപെട്ട്ജീവിക്കാൻ,ആവശ്യമായശേഷികളും,ധാരണകളും,മനോഭാവങ്ങളുംരൂപീകരിച്ച സമൂഹത്തെ മുന്നോട്ട് നയിക്കാൻ പ്രാപ്തരാക്കുക എന്നതാണ് സംസ്ഥാനത്ത നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ .വിദ്യാഭ്യാസ രംഗത്ത് അത്ഭുത പൂർവമായ ഉണർവ്വ് സൃഷടിച്ചു . ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെനേട്ടങ്ങൾകൈവരിച്ചുപൊതുവിദ്യാലയങ്ങളിലേയ്ക്ക്,മുൻകാലങ്ങളിൽ ഇല്ലാത്ത വിധം അനവധി കുട്ടികൾ പുതുതായിവന്നു ചേർന്നു സമൂഹത്തിന് പൊതു വിദ്യാലയങ്ങളിൽ ഉള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

ലക്ഷ്യങ്ങൾ

1.സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ ക്ലാസിലെ കുട്ടികൾക്കും നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

2.വിദ്യാർത്ഥികൾക്ക് പഠനം ആസ്വാദ്യകരമാക്കുന്നു.

3.എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ അനായാസം എഴുതാനും വായിക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു.

4.കലാ കായിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു.

5.വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ക്ലാസ് ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയവ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുത്തുക.

6.മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഉല്ലാസ ഗണിതം, ഹിന്ദി പരിചയപ്പെടൽ എന്നിവ നടപ്പിൽ വരുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യും.

7.കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത് മാസിക/ പതിപ്പ് തയ്യാറാക്കൽ

8.പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന പദ്ധതി ആസൂത്രണം ചെയ്യുക.

9.കുട്ടികളിൽ പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും, വളർത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

## വിദ്യാലയത്തിന്റെ ചരിത്രം

ഏഴുമുട്ടം ഗ്രാമത്തിന്റെ ദീപസ്തംഭമായി ശോഭിക്കുന്ന സെന്റ്മേരീസ് എൽ.പി. സ്കൂൾ 1956 ജൂൺ മാസം 4-ാം തീയതി

സ്ഥാപിതമായി. ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ

ഇളംദേശം ബ്ലോക്കിൽ ഗ്രാമകരിമണ്ണൂർ പഞ്ചായത്തിലെ 13-ാം

വാർഡിലാണ്ഈസ്കൂൾസ്ഥിതിചെയ്യുന്നത്.സ്കൂളിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക്നേതൃത്വംകൊടുത്തത്ആദ്യത്തെമാനേജർമുതലക്കോടം പള്ളിവികാരിറവ.ഫാ.ജേക്കബ്തേവർപാടംആയിരുന്നു .നാട്ടുകാ

രുടെ സഹായത്തോടെ 50സെന്റ് സ്ഥലം വാങ്ങി

മാനേജരുടെ നേതൃത്വത്തിൽ സ്കൂൾ കെട്ടിടംപണിതു.

21-5-1956-ലെ തിരു-കൊച്ചി വിദ്യാഭ്യാസ ഡയറക്ടറുടെ

ഉത്തരവനുസരിച്ച 25-5-1956-ൽ അഡ്മി ഷൻ ആരംഭിച്ചു.1,2

ക്ലാസുകളിലായി 120 കുട്ടികൾക്കാണ് ആദ്യവർഷം അഡ്മിഷൻ നൽകിയത്.ഈ നാട്ടുകാരനായ ശ്രീ സി.ഒ. വർക്കി

ചീരാംകുന്നുമേൽ ആയിരുന്നു ആദ്യത്തെഹെഡ്മാസ്റ്റർ.

തുടക്കത്തിൽ ഒന്നും രണ്ടും ക്ലാസുകൾ ആരംഭിച്ചു.തുടർന്ന് 5-ാം

ക്ലാസുവരെ ഉണ്ടായിരുന്നു.ഒന്നുമുതൽ നാലുവരെ

പ്രൈമറിവിഭാഗം ആക്കിയതിന്റെ വെളിച്ചത്തിൽ 1963 ഏപ്രിൽ

മുതൽ 5-ാം ക്ലാസ് നിർത്തൽ ചെയ്തു.കോതമംഗലം വിദ്യാഭ്യാസ

ഏജൻസിയുടെ കീഴിലുള്ള ഈ സ്കൂൾ തൊടുപുഴ വിദ്യാഭ്യാസ
ഉപജില്ലയിലാണ്.കരിമണ്ണൂർ ബി.ആർ.സി.യുടെ
പരിധിയിലുമാണ

<u>അടിസ്ഥാനവിവരങ്ങ</u>

- വിദ്യാലയത്തിന്റെപേര്: ST.MARY'S lp SCHOOL EZHUMUTTOM
- വിലാസം : ഏഴുമുട്ടം p o ,ezhumuttom
- ഫോൺ :7025313985

- സ്കൂൾ കോഡ് : 29342
- വിദ്യാഭ്യാസ ഉപജില്ല : തൊടുപുഴ
- വിദ്യാഭ്യാസ : ഇടുക്കി
- റവന്യു ജില്ല : ഇടുക്കി
- B R C : കരിമണ്ണൂർ
- ഗ്രാമപഞ്ചായത്ത് : കരിമണ്ണൂർ
- ബ്ലോക്ക് പഞ്ചായത്ത് : ഇളംദേശം
- ജില്ലാപഞ്ചായത് : ഇടുക്കി
- നിയമസഭാമണ്ഡലം : തൊടുപുഴ
- ലോകസഭാമണ്ഡലം : ഇടുക്കി
- താലൂക്ക് : തൊടുപുഴ
- വില്ലേജ് : കരിമണ്ണൂർ
- ഇ മെയിൽ : hmsmlps7muttom@gmail.com

<u>പ്രതിസന്ധികളും പരിമിതികളും</u>

1.മികച്ച ലൈബ്രറി റൂം ഇല്ലാത്തത്

2.കലാ കായിക അധ്യാപകരുടെ സേവനം ലഭിക്കാത്തത്

3.വാഹന സൗകര്യം ഇല്ലാത്തത്

4.ടൈൽസ് ആൻഡ് സീലിംഗ് ഇല്ലാത്ത ക്ലാസ് മുറികൾ

5.ആധുനിക രീതിയിലുള്ള പാചകപ്പുര

6.ഭോജന ശാല ഇല്ലാത്തത്

7.പാർക്ക്

<u>കാഴ്ചപ്പാട്</u>

1.പ്രീ സ്കൂൾ വിദ്യാഭ്യാസം

2.അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം

3.മികച്ച വായനമുറി

4.കൗൺസലിങ്

5.ലഹരി വിരുദ്ധ മനോഭാവം

6.ഹൈ ടെക് ക്ലാസ് മുറികൾ

7.കാർഷിക സംസ്കാരം വളർത്തൽ

8.പ്രീ സ്കൂൾ വിദ്യാഭ്യാസം

9.അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം

10.മികച്ച വായനമുറി

11.കൗൺസലിങ്

12.ലഹരി വിരുദ്ധ മനോഭാവം

13.ഹൈ ടെക് ക്ലാസ് മുറികൾ

14.കാർഷിക സംസ്കാരം വളർത്ത

<u>മികവുകൾ</u>

1.നല്ല വായന പരിശീലനം

2.ഭിന്നശേഷി പ്രത്യേക പരിശീലനം

3.ശുചിത്വം

4.കൃഷിയ്ക്കുള്ള പ്രത്യേക പരിശീലനം

5.കാരുണ്യ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം

6.അമ്മവായന

7.മലയാളത്തിളക്കം

8.ഈസി ഇംഗ്ലീഷ്

9.ഗണിത ഉല്ലാസം

10.ആകർഷകമായ പച്ചക്കറിതോട്ടം

11.ഓഫീസ്

12.കമ്പ്യൂട്ടർ ലാബ്

13.മികച്ച ശൗ ചാലയം

14.കുടിവെള്ളം.

15.ശിശു സൗഹാർദമായ ക്ലാസ് അന്തരീക്ഷം

പദ്ധതി വിശദാംശങ്ങൾ

<u>പ്രവർത്തനം 1</u>

ഭാഷാശേഷി വികസനം വായനാ പരിപോഷണം

കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ആശയ വ്യക്തതയോടെയും അക്ഷരതെറ്റ് കൂടാതെയും | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നു. കുട്ടി |

| | |
|---|---|
| എഴുതാനും വായിക്കാനും ശേഷി നേടുന്നതിന്. | വായന ഏറ്റെടുക്കുന്നതിന് ആവശ്യമായ പ്രചോദനാത്മക സന്ദർഭങ്ങൾ ക്ലാസ്സിൽ സൃഷ്ടിക്കുന്നു . ചിത്രത്തിലൂടെ ചിത്ര വായനയ്ക്ക് അവസരം നൽകുന്നു. കണ്ടെത്തിയ കാര്യങ്ങൾ എഴുതിക്കുന്നു ഇതുപോലെ വചനകാർഡുകളും ലൈബ്രറി പുസ്തകങ്ങളും നൽകി ചോദ്യങ്ങളിലൂടെ പാട്ടിലൂടെ കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് വായിക്കാനുള്ള ജിജ്ഞാസ ഉണർത്തുന്നു തുടർന്ന് അസംബ്ലിയിലും വാർത്ത വായനയ്ക്കും ചെറിയ കഥകൾ വായിച്ച് അവതരിപ്പിക്കുന്നതിനും , അധ്യാപകരുടെ സഹായത്തോടെ വായന സാമഗ്രഹികൾ തയ്യാറാക്കി വായിച്ച് അവതരിപ്പിക്കുന്നു. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു ക്ലാസ് PTA യിൽ വായനയ്ക്ക് അവസരം നൽകുന്നു ,അടുത്ത |

| | |
|---|---|
| | ഗ്രന്ഥശാല പ്രയോജനപ്പെടുത്തൽ. |

പ്രവർത്തനം 2
വായന :ലേഖനം ഉറപ്പിക്കുന്നതിന്
കാലം : മധ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ആശയപ്രകടന ശേഷി നേടുന്നതിന് | ചെറിയ ചെറിയ കഥകൾ വായിക്കാൻ നൽകിയതിനു ശേഷം കഥപറയാൻ അവസരം നൽകുന്നു. കുട്ടിക്ക് പരിചിതമായ വസ്തുക്കൾ ആളുകൾ എന്നിവയെക്കുറിച്ച് പറയാൻ അവസരം നൽകുന്നു .ചിത്ര വായന നടത്തിക്കുന്നു വിവരണം എഴുതുന്നു ആശയങ്ങളെ ക്രമപ്പെടുത്തുന്നു |

പ്രവർത്തനം 3
ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന്
കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ചിഹ്നങ്ങൾ ചേർത്ത് തെറ്റ് കൂടാതെ എഴുതുന്നതിന് | ക്ലാസിന്റെ മുൻവശത്തായി ചിഹ്നങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു . കൂടാതെ ഈ ചിഹ്നങ്ങൾ |

| | |
|---|---|
| | കടലാസിൽ എഴുതി പഠനോപകരണങ്ങൾ തയ്യാറാക്കി ക്ലാസ്സിൽ നൽകി പദങ്ങൾ ഉണ്ടാക്കുന്നു . അക്ഷരങ്ങൾ കൊടുത്ത വാക്കുകൾ ഉണ്ടാക്കുന്നു |

പ്രവർത്തനം 4

ഭാഷാശേഷി വികസനം സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന്

കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ, വായന സാമഗ്രഹികൾ നിർമ്മാണം | കഥ കവിത വ്യവഹാര രൂപങ്ങൾ എന്നിവയ്ക്ക് ക്ലാസ്സിൽ സന്ദർഭം ഒരിക്കൽ അനുയോജ്യമായ തലക്കെട്ട് നൽകൽ ഇവ പഠന സാമഗ്രിയായി ക്ലാസ്സിൽ ഉപയോഗപ്പെടുത്തൽ . വിരൽ പാവകൾ പാവ നാടകങ്ങൾ എന്നിവയുടെ നിർമ്മാണം ഉപയോഗപ്പെടുത്തൽ , വർക്ക് ഷീറ്റുകളുടെ ഫലപ്രദമായ ഉപയോഗം, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ |

പ്രവർത്തനം 5
ഗണിത ശേഷി വികസനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| സംഖ്യ ബോധം സങ്കലനം വ്യവകലനം എന്നിവ ഉറപ്പിക്കുന്നതിന് | ക്ലാസ്സിൽ ഗണിത മൂല ഒരുക്കൽ കൃത്യമായ ഗണിതാശ്രയ രൂപീകരണത്തിന് സഹായകമായ ദൃശ്യ ഗണിത അനുഭവത്തിന് അവസരം ഒരുക്കുന്നു ഗണിത ചുമർ തയ്യാറാക്കുന്നു സങ്കലന വ്യവകലന ഗുണന പോക്കറ്റുകളുടെ നിർമ്മാണവും ഉപയോഗവും അബാക്കസ് ഉപയോഗം പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാ പാറ്റേൺ തയ്യാറാക്കുന്നു പ്രദർശനം ഗണിതകേളികളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിഗമനത്തിൽ എത്തൽ. ക്ലാസ്സിൽ കളിപ്പാട്ട കട, നോട്ടുകൾ ഉപയോഗിച്ച് വാങ്ങൽ, വർക്ക് ഷീറ്റുകളുടെ ഫലപ്രദമായ |

| | |
|---|---|
| | ഉപയോഗം, വിലവിവര പട്ടികയുടെ പ്രദർശനം |

പ്രവർത്തനം 6
ഗണിത ശേഷി വികസനം ജാമിതീയ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ജാമിതീയ നിർമ്മാണത്തിൽ ഏർപ്പെടുന്നതിന് | വിവിധങ്ങളായ രൂപങ്ങൾ കടലാസ്സുകൾ ,വളകൾ ,സ്ട്രോ, പ്രകൃതി നിർമ്മിത വസ്തുക്കൾ , മുത്തുകൾ, തീപ്പെട്ടിക്കമ്പുകൾ, ഈർക്കിൽ ,വർണ്ണ കടലാസ്സുകൾ , എന്നിവ ഉപയോഗിച്ച് ജാമിതീയ രൂപങ്ങൾ തയ്യാറാക്കി ചാർട്ടിൽ ഒട്ടിച്ച് ക്ലാസിൽ പ്രദർശനം |

പ്രവർത്തനം 7
ശാസ്ത്രാഭിരുചി വളർത്തൽ
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| നിരീക്ഷിച്ച് കണ്ടെത്തിയ കാര്യങ്ങൾ പട്ടികപ്പെടുത്തി എഴുതുന്നതിന് വർഗീകരിക്കുന്നതിന് | സ്കൂളും ചുറ്റുപാടും നിരീക്ഷിക്കാനുള്ള അവസരം ,പ്രകൃതി നടത്തം നിരീക്ഷിച്ചു രേഖപ്പെടുത്തൽ സംഘടിപ്പിക്കൽ |

പ്രവർത്തനം 8
ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|

| | |
|---|---|
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് | വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ക്ലാസിൽ ഒരുക്കുന്നു. ഒരു ദിവസം ഇതിനായി മാറ്റിവയ്ക്കുന്നു . മാതാപിതാക്കൾക്ക് കാണാൻ അവസരം ഒരുക്കുന്നു. |

പ്രവർത്തനം 9
പഠന പരിപോഷണം ഇംഗ്ലീഷ് ഭാഷാപഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് അനായാസം വായിക്കാൻ | A മുതൽ Z വരെയുള്ള അക്ഷരങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കണ്ടെത്തി അതിന്റെ പേര് എഴുതുകയും അതുമായി ബന്ധപ്പെട്ട വാക്യങ്ങൾ ഉണ്ടാക്കാനും കുട്ടികൾക്ക് അവസരം ഒരുക്കൽ .എഴുതാനും വായിക്കാനും ഉള്ള അവസരം ഒരുക്കൽ. പിച്ചർ റീഡിങ്ങിന് അവസരം നൽകും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് അവസരം നൽകും |

പ്രവർത്തനം 10
ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കും STD \|\|\| & IV , 3-◌ാ◌ം ടേമിൽ 1, II ഇംഗ്ലീഷ് ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ ഉള്ള അവസരം നൽകും ഇംഗ്ലീഷ് പഠനാന്തരീക്ഷം സ്കൂളിൽ ക്ലാസിൽ ഒരുക്കും, My English Book നിർമ്മാണം, ക്ലാസിൽ ഇംഗ്ലീഷ് ചുമർ ഒരുക്കും |

പ്രവർത്തനം 11
കലാ വിദ്യാഭ്യാസം ചിത്രരചന എന്റെ ചിത്രരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ചിത്രരചനയിൽ താല്പര്യം വളർത്തുക | ചിത്രരചനയിൽ താല്പര്യം വളർത്തുന്നതിനായി ജൂൺ ആദ്യ ആഴ്ച ചിത്രരചന പരിശീലനം നൽകി കുട്ടികൾ വരച്ച ചിത്രങ്ങൾ പതിപ്പാക്കി എല്ലാവർക്കും കാണാൻ അവസരം നൽകും |

| | |
|---|---|
| | |

പ്രവർത്തനം 12
CWSN ഭാഷാശേഷി വികസനം പരിപോഷണം കൈത്താങ്ങ്
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ എത്തിക്കാൻ ആവശ്യമായ പിന്തുണ നൽകുന്നതിന് | വായനയിലും എഴുത്തിലും ക്ലാസ്സിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സംയുക്തമായി പഠിപ്പിച്ചു കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കും. ഇതിനായി അധികസമയം കണ്ടെത്തി നീക്കി വയ്ക്കും ഒപ്പം തന്നെ ഇവർക്ക് നൽകേണ്ട ബോധനരീതിയെ കുറിച്ച് മാതാപിതാക്കൾക്ക് ബോധ്യം നൽകും പ്രത്യേകം Teaching aid കൾ ഇതിനായി തയ്യാറാക്കും |

പ്രവർത്തനം 13

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ലഹരി വിമുക്ത ക്യാമ്പസ് | ലഹരിയുടെ ദൂഷ്യവശവുമായി ബന്ധപ്പെട്ട പോസ്റ്റുകൾ |

| | |
|---|---|
| | തയ്യാറാക്കുന്നു മികച്ച പോസ്റ്ററിന് സമ്മാനം നൽകുന്നു റാലി സംഘടിപ്പിക്കുന്നു മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും |

പ്രവർത്തനം 14

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ഹരിത വിദ്യാലയം നാട്ടറിവ് ( ഔഷധ സസ്യ പരിപാലനം പച്ചക്കറിത്തോട്ടം) | നാട്ടറിവുകൾ സ്വന്തമാക്കുന്നതിനും ഔഷധ സസ്യങ്ങളെ കൂടുതൽ അറിയുന്നതിനും മാതാപിതാക്കളുടെ സഹായത്തോടെ ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം എന്നിവ പരിപാലിക്കും പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കും |

ഉപസംഹാരം

നല്ലൊരു മാനേജ്മെന്റും അധ്യാപകരും ക്രിയാത്മകമായി പ്രവർത്തിക്കുന്ന പി.റ്റി.എ യും നമ്മുടെ മുന്പന്തിയിലുണ്ട് .

വിദ്യാഭ്യാസരംഗത്തു ഭൗതിക അക്കാദമിക സാമൂഹിക തലങ്ങൾ മെച്ചപ്പെടുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കി നമ്മുടെ വിദ്യാലയത്തെ മികവുറ്റതാക്കാം .